9751
12/10/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- വനം വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി വിരമിച്ച ശ്രീ.പി എസ് സന്തോഷിന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.357/2019/F&WLD തീയതി,തിരുവനന്തപുരം, 03/09/2019

പരാമർശം:- 1 11.05.2018- ലെ ജി.ഒ(ആർ.റ്റി) നം.219/2018/വനം നമ്പർ ഉത്തരവ്

2. ശ്രീ. പി എസ് സന്തോഷ് സമർപ്പിച്ച 17.05.2018-ലെ നിവേദനം.

3 26.06.2018-ലെ സ.ഉ.(സാധാ).307/2018/വനം നമ്പർ ഉത്തരവ്.

4 19.02.2019-ലെ ജി.ഒ.(പി).നം.2/2019/വനം നമ്പർ ഉത്തരവ്.

5 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 30.05.2018, 16.08.2018, എന്നീ തീയതികളിലെ ഡി3-25625/2018 നമ്പർ കത്ത്, 24.05.2019 തീയതിയിലെ ഡി3-7550/2014 നമ്പർ കത്ത്.

## ഉത്തരവ്

വനം വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പി എസ് സന്തോഷിനെ, ടിയാന്റെ സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും, അച്ചടക്കനടപടി നിലനിന്നിരുന്നതിനാലും 2017-വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് ശ്രീ.സന്തോഷ് പി എസ്-നെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തുകയും, തുടർന്ന് പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം ടിയാന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. എന്നാൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം തന്നെ അച്ചടക്ക നടപടിയിൽ നിന്നും പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവായിട്ടുള്ളതായും, ആയതിനാൽ അർഹമായ പ്രൊമോഷൻ മുൻകാല പ്രാബല്യത്തോടെ നൽകണമെന്നും പരാമർശം (2) പ്രകാരമുള്ള നിവേദനത്തിൽ ടിയാൾ ആവശ്യപ്പെട്ടിരുന്നു. അച്ചടക്കനടപടിയിൽ നിന്നും പൂർണ്ണമായും

കുറ്റവിമുക്തനാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ തൊട്ടു ജൂനിയറിനു പ്രൊമോഷൻ നൽകിയ തീയതി പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചു നൽകണമെന്ന് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.01.2019-ൽ കൂടിയ ഡി.പി.സി-യിൽ ഈ വിഷയം പരിഗണിക്കുകയും 2017-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 7(എ) ആയി ശ്രീ.ഷൗക്കത്തലി ഇ വി-ക്കും ശ്രീമതി സിന്ധു കെ- വിക്കും മദ്ധ്യേ ശ്രീ സന്തോഷ് പി എസിനെ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം റിവൈസ്ഡ് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി സാഹചര്യത്തിൽ പ്രസ്തുത സെലക്ട് ലിസ്റ്റിൽ ടിയാന്റെ തൊട്ടടുത്ത ജൂനിയറിന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയ തീയതി മുതൽ ടിയാന് പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

3). മേൽ സാഹചര്യത്തിൽ, 28.02.2019-ൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി വിരമിച്ച ശ്രീ.പി എസ് സന്തോഷിന്,ടിയാന്റെ തൊട്ട് ജൂനിയർ ആയ ശ്രീമതി.കെ സിന്ധു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ചാർജ്ജെടുത്ത തീയതിയായ 30.10.2017 തീയതി പ്രാബല്യത്തിൽ, ശമ്പളത്തിന്റേയും ബത്തകളുടേയും മുൻകാല കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് മുൻകാല പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ നൽകി ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ ശ്രീ. പി എസ് സന്തോഷിന് തന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ചു നൽകാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഉപമുഖ്യവനപാലകൻ (ഭരണം), തിരുവനന്തപുരം.

ശ്രീ.പി എസ് സന്തോഷ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.),ഉപമുഖ്യവനപാലകൻ മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,കേരള ,തിരുവനന്തപുരം.

വെബ്ബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Signature valid
Digitally signed by SAJEEVAN M K
Date: 2019.09.03 0?:41:57 IST
Reason: Approved